# കേരള സംഗീത നാടക അക്കാദമി, തൃശൂർ-20.
# പ്രൊഫഷണൽ നാടകങ്ങൾക്കുള്ള സംസ്ഥാന അവാർഡ് - 2016
# നിയമാവലി

(1) ഈ ചട്ടങ്ങൾ കേരള സംസ്ഥാന മലയാള പ്രൊഫഷണൽ നാടകങ്ങൾക്കായുള്ള അവാർഡ് ചട്ടങ്ങൾ എന്ന പേരിൽ അറിയപ്പെടും.

(2) കലാമേന്മയും സാങ്കേതികമേന്മയുമുള്ളവയും വിദ്യാഭ്യാസപരവും സാമൂഹികവും സാംസ്കാരികവുമായി ഉന്നത നിലവാരം പുലർത്തുന്നവയുമായ പ്രൊഫഷണൽ നാടകങ്ങൾക്ക് പ്രോത്സാഹനം നൽകുകയാണ് ഈ അവാർഡുകളുടെ ലക്ഷ്യം.

(3) ഈ ചട്ടങ്ങളനുസരിച്ച് നൽകുന്ന അവാർഡുകളെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ഏറ്റവും മികച്ച നാടകാവതരണത്തിന് നാടകസംഘം മാനേജർക്കോ സെക്രട്ടറിക്കോ ശിൽപ്പവും പ്രശംസാപത്രവും 50,000 രൂപയും.
2. മികച്ച രണ്ടാമത്തെ നാടകാവതരണത്തിന് നാടകസംഘം മാനേജർക്കോ സെക്രട്ടറിക്കോ ശിൽപ്പവും പ്രശംസാപത്രവും 30,000 രൂപയും.
3. ഏറ്റവും മികച്ച സംവിധായകന് ശിൽപ്പവും പ്രശംസാപത്രവും 30,000 രൂപയും.
4. ഏറ്റവും മികച്ച നടന് ശിൽപ്പവും പ്രശംസാപത്രവും 25,000 രൂപയും.
5. ഏറ്റവും മികച്ച നടിക്ക് ശിൽപ്പവും പ്രശംസാപത്രവും 25,000 രൂപയും.
6. മികച്ച രണ്ടാമത്തെ നടന് ശിൽപ്പവും പ്രശംസാപത്രവും 15,000 രൂപയും.
7. മികച്ച രണ്ടാമത്തെ നടിക്ക് ശിൽപ്പവും പ്രശംസാപത്രവും 15,000 രൂപയും.
8. ഏറ്റവും മികച്ച നാടകകൃത്തിന് ശിൽപ്പവും പ്രശംസാപത്രവും 30,000 രൂപയും.
9. ഏറ്റവും മികച്ച രണ്ടാമത്തെ നാടകകൃത്തിന് ശിൽപ്പവും പ്രശംസാപത്രവും 20,000 രൂപയും.
10. ഏറ്റവും മികച്ച ഗായകന് ശിൽപ്പവും പ്രശംസാപത്രവും 10,000 രൂപയും.
11. ഏറ്റവും മികച്ച ഗായികക്ക് ശിൽപ്പവും പ്രശംസാപത്രവും 10,000 രൂപയും.
12. ഏറ്റവും മികച്ച സംഗീത സംവിധായകന് ശിൽപ്പവും പ്രശംസാപത്രവും 15,000 രൂപയും.
13. ഏറ്റവും മികച്ച ഗാനരചയിതാവിന് ശിൽപ്പവും പ്രശംസാപത്രവും 15,000 രൂപയും.
14. ഏറ്റവും മികച്ച രംഗപട സംവിധായകന് ശിൽപ്പവും പ്രശംസാപത്രവും 20,000 രൂപയും.
15. ഏറ്റവും മികച്ച ദീപവിതാനത്തിന് ശിൽപ്പവും പ്രശംസാപത്രവും 15,000 രൂപയും.
16. ഏറ്റവും മികച്ച വസ്ത്രാലങ്കാരം രൂപകല്പന ചെയ്യുന്ന ആൾക്ക് ശിൽപ്പവും പ്രശംസാപത്രവും 15,000 രൂപയും.
17. നാടകരചനയേയോ നാടകാവതരണത്തേയോ സംബന്ധിച്ച് ഏറ്റവും മികച്ച ഗ്രന്ഥത്തിന് ശിൽപ്പവും പ്രശംസാപത്രവും 25,000 രൂപയും.

(4) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന സെക്രട്ടറി, മാനേജർ, സംവിധായകൻ, നടൻ, നടി, നാടകകൃത്ത്, ഗായകൻ, ഗായിക, സംഗീത സംവിധായകൻ, ഗാനരചയിതാവ് എന്നീ സംജ്ഞകൾ അപേക്ഷകൻ സാക്ഷ്യപ്പെടുത്തി ഒപ്പിട്ടു സമർപ്പിച്ച പ്രവേശന ഫോറത്തിലുള്ള അതേ സംജ്ഞകളെ പരാമർശിക്കുന്നതായി കണക്കാക്കപ്പെടും.

(5) കേരള സംഗീത നാടക അക്കാദമിയുടെ അംഗീകാരമുള്ള പ്രൊഫഷണൽ നാടകസംഘങ്ങൾക്ക് മാത്രമേ അപേക്ഷ നൽകുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

(6) 2015 ഒക്ടോബർ 20 നും 2016 ഡിസംബർ 31 നും മദ്ധ്യേ ആദ്യമായി അവതരിപ്പിച്ചിട്ടുള്ള നാടകമാണെന്ന് തെളിയിക്കുന്നതിന് ആവശ്യമായ സാക്ഷ്യപത്രങ്ങളും രേഖകളും ഉള്ള നാടകസംഘങ്ങൾക്കു മാത്രമേ അപേക്ഷ സമർപ്പിക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

(7) ഒരു നാടകസംഘത്തിന്റെ ഒരു നാടകം മാത്രമേ മൽസരത്തിന് പരിഗണിക്കുകയുള്ളൂ.

(8) അപേക്ഷയോടൊപ്പം താഴെപ്പറയുന്നവ സമർപ്പിക്കേണ്ടതാണ്.

1. സ്ക്രിപ്റ്റിന്റെ മൂന്ന് കോപ്പി. (ഡി.ടി.പി. ചെയ്തത്)
2. 2015 ഒക്ടോബർ 20 നും 2016 ഡിസംബർ 31 നും ഇടയിൽ നാടകം അവതരിപ്പിച്ചതിന്റെ രേഖ
3. നാടകത്തിന്റെ സി ഡി.

(9) അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ സ്ക്രിപ്റ്റിന്റെ കൂടെ അടക്കം ചെയ്യാതെ അപേക്ഷാ ഫോറത്തോടൊപ്പം ഹാജരാക്കേണ്ടതാണ്.

(10) നാടകത്തിന്റെ സ്ക്രിപ്റ്റ്, സി ഡി എന്നിവ പരിശോധിച്ച് നാടകം തെരഞ്ഞെടുക്കുന്നതിനും, തെരഞ്ഞെടുത്ത നാടകങ്ങൾ വീക്ഷിച്ച് അവാർഡ് നിർണ്ണയിക്കുന്നതിനും അഞ്ച് പേരടങ്ങുന്ന വിദഗ്ധ സമിതിയെ നിയോഗിക്കുന്നതാണ്. കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയോ, അക്കാദമി നിർവ്വാഹകസമിതിയിലെ ഒരംഗമോ ആയിരിക്കും കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറി. പത്തിൽ കൂടാത്ത നാടകങ്ങളാണ് മത്സരത്തിനായി തെരഞ്ഞെടുക്കുന്നത്.

11 നാടകാവതരണത്തിന് തിരഞ്ഞെടുക്കുന്ന സമിതികൾ താഴെപ്പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

1. നാടകസംഘത്തിലെ കഥാപാത്രത്തിന്റേയും നടീ നടൻമാരുടേയും പേരും അഡ്രസ്സും ഫോൺ നമ്പറും.
2. നാടകസംഘത്തിലെ പിന്നണിയിൽ പ്രവർത്തിക്കുന്നവരുടെ പേരും അഡ്രസ്സും ഫോൺ നമ്പറും.
3. നാടകത്തിലെ ഗാനങ്ങളുടെ വരികളുടെ 3 കോപ്പിയും ആലാപനത്തിന്റെ സി.ഡി.യും.
4. നാടകത്തിലെ പ്രധാന കഥാപാത്രങ്ങളുടേയും പിന്നണിയിലെ കലാകാരൻമാരുടേയും ഫോട്ടോ.

(12) അക്കാദമിയിൽ ഹാജരാക്കുന്ന സ്ക്രിപ്റ്റ്, സി ഡി എന്നിവ തിരികെ ലഭിക്കുന്നതല്ല.

(13) അവാർഡ് നിർണ്ണയത്തെ സ്വാധീനം ചെയ്യാൻ ഏതെങ്കിലും പ്രകാരത്തിൽ നടത്തുന്ന പരിശ്രമം അപേക്ഷയെ അസാധുവാക്കുന്നതും അവാർഡിന് അയോഗ്യമാക്കുന്നതുമായിരിക്കും.

(14) യഥാർത്ഥ പ്രൊഫഷണൽ നാടകങ്ങൾക്ക് സാക്ഷ്യപത്രം നൽകുവാനുള്ള അധികാരം കേരള സംഗീത നാടക അക്കാദമി സെക്രട്ടറിക്ക് ആയിരിക്കും.

(15) കമ്മിറ്റിയുടെ രണ്ടോ അതിലധികമോ യോഗങ്ങളിൽ പങ്കെടുക്കുന്നതിന് ചെയർമാന് അസൗകര്യമുള്ളപക്ഷം ഒരു താൽക്കാലിക ചെയർമാനെ തെരഞ്ഞെടുക്കുന്നതിന് അക്കാദമി നിർവ്വാഹകസമിതിക്ക് അധികാരമുണ്ടായിരിക്കും.

(16) മൊത്തം അംഗങ്ങളുടെ പകുതിയിലധികമായിരിക്കും ജഡ്ജിംഗ് കമ്മിറ്റിയുടെ കോറം.

(17) നാടക അവാർഡിനായി അവതരിപ്പിക്കപ്പെടുന്ന നാടകങ്ങളുമായി എതെങ്കിലും തരത്തിൽ പങ്കാളിത്തമോ ബന്ധമോ ഉള്ള ഒരു വ്യക്തിക്കും ജഡ്ജിംഗ് കമ്മിറ്റിയിൽ അംഗമാകാൻ പാടില്ല.

(18) ഏതെങ്കിലും വിഭാഗത്തിന് അർഹതയില്ലെന്ന് തോന്നുകയാണെങ്കിൽ ആ അവാർഡ് നൽകേണ്ടതില്ലെന്ന് ശുപാർശ ചെയ്യാൻ ജഡ്ജിംഗ് കമ്മിറ്റിക്ക് വിവേചനാധികാരമുണ്ടായിരിക്കും.

(19) ഈ ചട്ടങ്ങളുടെ വ്യാഖ്യാനവും നാടക അവാർഡുകളും സംബന്ധിച്ച് കേരള സംഗീത നാടക അക്കാദമിയുടെ തീരുമാനം അന്തിമമായിരിക്കും. ഈ തീരുമാനങ്ങൾക്കെതിരെ അപ്പീൽ ഉണ്ടായിരിക്കുകയില്ല.

(

21) മലയാള പ്രൊഫഷണൽ നാടകങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന അവാർഡു മത്സരത്തിൽ പങ്കെടുക്കുന്ന ഏതൊരു വ്യക്തിയും ഈ ചട്ടങ്ങൾ അംഗീകരിക്കുന്നതായി കരുതപ്പെടും.

(22) അവാർഡിനെ സംബന്ധിച്ച് ഏതെങ്കിലും വ്യവഹാരം ഉണ്ടാവുകയാണെങ്കിൽ അതിന്റെ പരിധി തൃശൂരായിരിക്കും.

(23) നാടകങ്ങളുടെ സെലക്ഷനെപ്പറ്റിയോ അവാർഡ് നിർണ്ണയത്തെപ്പറ്റിയോ ആക്ഷേപമുള്ള സമിതികളോ വ്യക്തികളോ അക്കാദമിയുടേയോ ജഡ്ജിംഗ് കമ്മിറ്റി അംഗങ്ങളുടെയോ സൽപ്പേരിന് കളങ്കം വരുത്തുന്ന രീതിയിൽ പ്രവർത്തിക്കുകയാണെങ്കിൽ അതിനെതിരെ നടപടിയെടുക്കാൻ അക്കാദമിക്ക് അധികാരമുണ്ടായിരിക്കും. ടി കാര്യത്തിൽ അക്കാദമി നിർവ്വാഹകസമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

(24) ജഡ്ജിമാർക്ക് നാടകങ്ങളുടെ മേന്മ പരിശോധിച്ച് ആവശ്യമായ ശുപാർശകൾ തയ്യാറാക്കുന്നതിന് അനുയോജ്യമായ തിയറ്ററിൽ നാടകം അവതരിപ്പിക്കാനുള്ള ഏർപ്പാടുകൾ കേരള സംഗീത നാടക അക്കാദമി ചെയ്യുന്നതാണ്. ജഡ്ജിംഗ് കമ്മിറ്റി മുമ്പാകെ അവതരിപ്പിക്കുന്ന നാടകങ്ങൾ ടിക്കറ്റുമൂലം പ്രവേശനം നൽകുന്ന ഒരു നാടകോത്സവമായി സംഘടിപ്പിക്കുവാൻ അക്കാദമിക്ക് അധികാരം ഉണ്ടായിരിക്കും. ഈ നടപടിക്രമങ്ങളോട് എതിർപ്പ് പ്രകടിപ്പിക്കുവാൻ അവാർഡുമത്സരങ്ങളിൽ പങ്കെടുക്കുന്ന നാടകസംഘങ്ങൾക്ക് യാതൊരു അവകാശവുമുണ്ടായിരിക്കുകയില്ല.

(25) സ്വന്തം ചെലവിൽ നിശ്ചിതതീയതിക്കും സമയത്തിനും നാടകം അവതരിപ്പിക്കേണ്ട ഉത്തരവാദിത്തം നാടകസംഘങ്ങളുടേതായിരിക്കും. ഇതിൽ വീഴ്ച വരുത്തുന്നതുമൂലം അക്കാദമിക്കുണ്ടാകുന്ന നഷ്ടത്തിന് നാടകസംഘം സെക്രട്ടറി/മാനേജർ ഉത്തരവാദിയായിരിക്കും.

(26) മത്സരത്തിൽ പങ്കെടുക്കുന്ന നാടകട്രൂപ്പിന് അവതരണ ചെലവായി 30,000 രൂപ നൽകുന്നതാണ്.

(27) സാധാരണ സ്റ്റേജ് ലൈറ്റുകളും മൈക്ക് സെറ്റും കർട്ടനുകളും തിയറ്ററിൽ ഉണ്ടായിരിക്കും. എന്നാൽ പ്രത്യേക ലൈറ്റുകളും മൈക്കും കൂടുതൽ കർട്ടനുകളും ആവശ്യമാണെങ്കിൽ അതതു നാടകസംഘങ്ങൾ തന്നെ അവ കൊണ്ടുവരേണ്ടതാണ്.

(28) <u>നാടകഗ്രന്ഥത്തിനുള്ള അവാർഡ്</u>

(1) നാടകഗ്രന്ഥത്തിനുള്ള അവാർഡിനു പരിഗണിക്കാൻ ഗ്രന്ഥകാരനോ പ്രസാധകനോ ഗ്രന്ഥത്തിന്റ 4 കോപ്പികൾ അയക്കേണ്ടതാണ്.

(2) ഗ്രന്ഥകാരന്റെ ബയോഡാറ്റയും ഫോട്ടോയുടെ രണ്ടു കോപ്പിയും അപേക്ഷയോടൊപ്പം അയയ്ക്കേണ്ടതാണ്.

(3) 2014, 2015, 2016 വർഷങ്ങളിൽ പ്രസിദ്ധീകരിച്ച നാടകസംബന്ധിയായ പുസ്തകങ്ങൾ അവാർഡിന് പരിഗണിക്കുന്നതായിരിക്കും.

(4)നാടകരചനയേയോ നാടകാവതരണത്തേയോ കുറിച്ചുള്ള ഏറ്റവും നല്ല ഗ്രന്ഥം തെരഞ്ഞെടുക്കുന്നതിനുവേണ്ടി ഒരു പ്രത്യേക മൂന്നംഗ കമ്മിറ്റി രൂപീകരിക്കും. കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയോ അക്കാദമി നിർവ്വാഹകസമിതി/ജനറൽ കൗൺസിൽ അംഗമോ ആയിരിക്കും പ്രസ്തുത കമ്മിറ്റിയിലെ മെമ്പർ സെക്രട്ടറി. ചെയർമാൻ ഉൾപ്പെടെയുള്ള മറ്റു രണ്ടു അംഗങ്ങളേയും നാടകവേദിയുമായോ മറ്റു സാഹിത്യ കലാമേഖലകളുമായോ ബന്ധമുള്ള പ്രഗത്ഭ വ്യക്തികളിൽനിന്ന് അക്കാദമി നാമനിർദ്ദേശം ചെയ്യുന്നതാണ്.

(29) കേരള സംഗീത നാടക അക്കാദമി തീരുമാനിക്കുന്ന സ്ഥലത്തും സമയത്തും തീയതിക്കും സംഘടിപ്പിക്കുന്ന ഒരു ചടങ്ങിൽ വിജയികൾക്ക് അവാർഡുകൾ വിതരണം ചെയ്യുന്നതായിരിക്കും.

-----------------

## കേരള സംഗീത നാടക അക്കാദമി, തൃശൂർ-20.

## പ്രൊഫഷണൽ നാടകങ്ങൾക്കുള്ള സംസ്ഥാന അവാർഡ് - 2016

### അപേക്ഷാ ഫോറം

| | | |
|---|---|---|
| 1. | അപേക്ഷ നൽകുന്ന നാടകസംഘത്തിന്റെ പേരും വിലാസവും ഫോൺ നമ്പരും. | |
| 2. | നാടകത്തിന്റെ/ ഗ്രന്ഥത്തിന്റെ പേര്. | |
| 3. | നാടകസംഘം മാനേജരുടെ/സെക്രട്ടറിയുടെ പേരും വിലാസവും | |
| 4. | സംവിധായകന്റെ/ ഗ്രന്ഥപ്രസാധകന്റെ പേരും വിലാസവും | |
| 5. | നാടകകൃത്തിന്റെ/ ഗ്രന്ഥകാരന്റെ പേരും വിലാസവും | |
| 7. | ആദ്യമായി നാടകം അവതരിപ്പിച്ച സ്ഥലവും തീയതിയും/ ഗ്രന്ഥത്തിന്റെ പ്രസാധന തീയതിയും വിലയും. | |
| 8. | നാടകസംഘം രജിസ്റ്റർ ചെയ്ത തീയതിയും രജിസ്ട്രേഷൻ നമ്പരും. | |
| 9. | പ്രൊഫഷണൽ വേദിയിൽ അവതരിപ്പിക്കാൻ നാടകകൃത്ത് നൽകിയ സമ്മതപത്രം അടക്കം ചെയ്തിട്ടുണ്ടോ? | |
| 10. | ഗ്രന്ഥത്തിലെ പേജുകളുടെ എണ്ണം | |

### സാക്ഷ്യപത്രം

എന്റെ അറിവും വിശ്വാസവും അനുസരിച്ച് മുകളിൽ പ്രതിപാദിച്ചിട്ടുള്ള വസ്തുതകൾ സത്യമാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എനിക്ക് യാതൊരു പ്രതിഫലവും നൽകാതെ ഈ നാടകം ഒരു നാടകോത്സവമായി, ടിക്കറ്റ് മുഖേന പൊതുജനങ്ങൾക്കായി പ്രവേശനം നൽകിക്കൊണ്ട് നടത്തുവാൻ കേരള സംഗീത നാടക അക്കാദമിക്കുള്ള അവകാശത്തെ ഞാൻ ഇതിനാൽ പൂർണ്ണമായി അംഗീകരിക്കുന്നു. ഇതോടൊപ്പമുള്ള നിയമാവലി ഞാൻ വായിച്ച് അംഗീകരിക്കുന്നു.

അപേക്ഷകന്റെ ഒപ്പ് :

പേര് :

മേൽവിലാസം :

സ്ഥലം :

തിയതി :

നാടകത്തിന്റെ പേര്

അഭിനേതാക്കളുടെയും കഥാപാത്രങ്ങളുടെയും
വിശദാംശങ്ങൾ (പേര്, വിലാസം, ഫോൺ നമ്പർ)

| പേര് | മേൽവിലാസം | കഥാപാത്രത്തിന്റെ പേര് | ഫോൺനമ്പർ |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

| |
|---|
| |
| |
| |
| |
| |
| |
| |

| | |
|---|---|
| സംവിധായകന്റെ  പേരും വിലാസവും<br>ഫോൺ നമ്പറും | |
| നാടകകൃത്തിന്റെ പേരും മേൽവിലാസവും<br>ഫോൺ നമ്പറും | |
| ഗായകന്റെ പേരും മേൽവിലാസവും<br>ഫോൺ നമ്പറും | |
| ഗായികയുടെ പേരും മേൽവിലാസവും<br>ഫോൺ നമ്പറും | |

| | |
|---|---|
| സംഗീത സംവിധായകന്റെ പേരും<br>മേൽവിലാസവും ഫോൺ നമ്പറും | |
| ഗാനരചയിതാവിന്റെ പേരും<br>മേൽവിലാസവും ഫോൺ നമ്പറും | |
| രംഗപട സംവിധായകന്റെ പേരും<br>മേൽവിലാസവും ഫോൺ നമ്പറും | |
| ദീപവിതാനം നിർവ്വഹിച്ച<br>ആളുടെ പേരും<br>മേൽവിലാസവും ഫോൺ നമ്പറും | |

വസ്ത്രാലങ്കാരം നിർവ്വഹിച്ച
ആളുടെ പേരും
മേൽവിലാസവും ഫോൺ നമ്പറും

സെക്രട്ടറിയുടെ പേരും
ഒപ്പും സീലും.